## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5062 — 27..07..2015 -ൽ മറുപടിയ്ക്ക്

### ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് നടപടികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ വിജയശതമാനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറി വരുന്ന പ്രവണതകൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;<br><br>(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) & (സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (CQIP) നടപ്പിലാക്കിയിട്ടുണ്ട്. 2012-13 മുതൽ തെരഞ്ഞെടുത്ത 10 കോളേജുകളെ 'മികവിന്റെ കേന്ദ്രം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പഠനത്തോടൊപ്പം തൊഴിലധിഷ്ഠിത പദ്ധതിയായി കമ്മ്യൂണിറ്റി കോളേജുകളും സ്ഥാപിച്ചിട്ടുണ്ട്. |

വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി സർക്കാർ 'അസ്സാപ്പ്', Walk with a Scholar Support തുടങ്ങിയവ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമേ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി **G.O (Rt) No. 1968/11/H. Edn dated: 3/12/2011** പ്രകാരം, സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ രൂപീകരിച്ചിരുന്നു. കൂടാതെ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് വേണ്ടി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**G.O (Rt) No. 217/12/H. Edn dt: 31/1/2012**

**G.O (Rt) No. 44/13/H. Edn dt: 11/1/2013**

**G.O (Rt) No. 140/13/H. Edn dt: 31/1/2013**

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ TEQIP പദ്ധതി നടപ്പാക്കിവരുന്നു.

*സെക്ഷൻ ഓഫീസർ*